# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 27/2021 (53) ചൊവ്വാഴ്ച | തീയ്യതി 29.06.2021

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 30.06.2021 | 01.07.2021 | 02.07.2021 | 03.07.2021 | 04.07.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 10 | 20 | 10 | 10 |
| ഉയർന്ന താപനില (°C) | 31 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 12 | 12 | 12 | 12 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 320 | 320 | 320 |
| മേഘവ്യാപ്തി (ഒക്ടട) | 5 | 7 | 8 | 8 | 8 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.**

കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പാതുനിർദ്ദേശങ്ങൾ**: വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യം ഉറപ്പു വരുത്തുക.മണ്ണ് പരിശോധ നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. | | |
| നെല്ല് (വിരിപ്പ്) | ഞാറുപരുവം | ഞാറ് പറിച്ചു നട്ടിട്ട് 15 മുതൽ 20 ദിവസത്തിനുള്ളിൽ പാടശേഖരങ്ങളിൽ കളയെ നിയന്ത്രിക്കാനായി ബിസ്പൈ റിബാക് (നോമിനിഗോൾഡ്/അഡോറ/താരക്)എന്ന കളനാശിനി 120 മില്ലി ലിറ്റർ ഒരു ഏക്കർ പാടശേഖരത്തിന് എന്ന രീതിയിൽ തളിച്ചുകൊടുക്കാവുന്നതാണ്. |
| തെങ്ങ് | പരിചരണം | മഴക്കാലത്ത് തെങ്ങിന്റെ തടം തുറന്ന് ഒരോ വലിയ തെങ്ങിനും ഒരു കിലോ കുമ്മായം എന്ന തോതിൽ ഇട്ടുകൊടുക്കുക. |
| വാഴ | ഇലപ്പുള്ളിരോഗം | താഴ്ന്ന പ്രദേശങ്ങളിലെ വാഴ തോട്ടങ്ങളിൽ നീർവാർച്ചാ സൗകര്യം ഉറപ്പു വരുത്തുക. വാഴയിൽ ഇലപ്പുള്ളിരോഗത്തിനു പ്രതിരോധ നടപടിയായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. ഇലപ്പുള്ളിരോഗം കാണുകയാണെങ്കിൽ ഒരു മില്ലി ലിറ്റർ ഹെക്സാകൊണാസോൾ അല്ലെങ്കിൽ ഒരു മില്ലി ലിറ്റർ പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. |
| പച്ചക്കറികൾ വെള്ളരിവർഗ്ഗങ്ങൾ | മൃദുരോമപൂപ്പ് | അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 2.5 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ തളിക്കുക. |
| പച്ചക്കറികൾ (പയർ, മുളക്) | കരിവള്ളിക്കേട് | മഴക്കാലത്ത് പയർ, മുളക് എന്നിവയിൽകരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കൊതുക് മുട്ടയിട്ട് പെരുകുന്നത് തടയാൻ തൊഴുത്തും പരിസരവും വൃത്തിയാക്കി വെയ്ക്കുവാനും, വെള്ളക്കെട്ട് ഇല്ലാതിരിക്കാനും ശ്രദ്ധിക്കുക. ചാണാക്കുഴികളിൽ മഴ നേരിട്ട് വീഴാതെ മൂടിവെക്കുക. | |